സുപ്രഭാതം

12 July 2017

# കടൽ സമ്പത്ത് സുസ്ഥിരമായി ഉപയോഗിക്കുന്നതിന് കർമപദ്ധതി



കൊച്ചി: കടൽ സമ്പത്ത് സുസ്ഥിരമായി ഉപയോഗിക്കുന്നതിനും സമുദ്ര ആവാസവ്യവസ്ഥയുടെ ശരിയായ പരിപാലനത്തിനും ദേശീയ തലത്തിൽ കർമ പദ്ധതി വരുന്നു. നീതി ആയോഗിന്റെ നിർദേശത്തോടെ കേന്ദ്ര സമുദ്രമത്സ്യ ഗവേഷണ സ്ഥാപനം (സി.എം.എഫ്.ആർ.ഐ) വേൾഡ് വൈൽഡ് ലൈഫ് ഫണ്ട് ഇന്ത്യയുടെ സഹകരണത്തോടെയാണ് കർമപദ്ധതി തയാറാക്കുന്നത്.

കടൽ സമ്പത്തിന്റെ വിനിയോഗത്തിലൂടെ സമുദ്ര ആവാസ വ്യവസ്ഥയെ സംരക്ഷിക്കുകയും അതുവഴി 'ബ്ലൂ ഇക്കോണമി' വികസിപ്പിക്കുകയുമാണ് പദ്ധതിയുടെ ലക്ഷ്യം.

കടൽ സമ്പത്ത് ഉപയോഗിക്കുന്നതിനുള്ള സുസ്ഥിരമായ പരിപാലന മാതൃകകൾ, ചെറുകിട മത്സ്യബന്ധന മേഖല ശക്തിപ്പെടുത്തുന്നതിനുള്ള മാർഗങ്ങൾ, അമിതമത്സ്യബന്ധനം, തീരദേശ മലിനീകരണം എന്നിവ തടയുന്നതിനുള്ള വഴികൾ, മത്സ്യത്തൊഴിലാളി സമൂഹത്തിന്റെ ഉപജീവനം സംരക്ഷിക്കുന്നതിനുള്ള നിർദേശങ്ങൾ തുടങ്ങിയവ കർമപദ്ധതിയിലുണ്ടാകും. ഐക്യരാഷ്ട്രസഭ തയാറാക്കിയ സുസ്ഥിര വികസന ലക്ഷ്യങ്ങൾ ഇന്ത്യയിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായാണിത്. കർമപദ്ധതി തയാറാക്കുന്നതിനായി, നീതി ആയോഗ്, വേൾഡ് വൈൽഡ് ലൈഫ് ഫണ്ട് ഇന്ത്യ എന്നിവയുമായി സഹകരിച്ച് ദേശീയതലത്തിൽ ദ്വിദിന വിദഗ്ധ സംഗമം നാല്, അഞ്ച് തിയതികളിൽ സി.എം.എഫ്.ആർ.ഐയിൽ നടക്കും.

കേന്ദ്രമന്ത്രാലയങ്ങളിലെ ഉദ്യോഗസ്ഥർ, സമുദ്രശാസ്ത്രജ്ഞർ, പരിസ്ഥിതി വിദഗ്ധർ, വിവിധ സംസ്ഥാനങ്ങളിലെ ഫിഷറീസ്, വനം, പരിസ്ഥിതി, തീരദേശ പരിപാലനം, വ്യവസായം, സമുദ്രവികസനം തുടങ്ങിയ വകുപ്പുകളിലെ മുതിർന്ന ഉദ്യോഗസ്ഥർ പങ്കെടുക്കും. കർമപദ്ധതിയുടെ കരട് ഈ മാസം അഞ്ചിന് തയാറാകും.